**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിഷബാധ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധ ഏൽക്കുന്ന സംഭവങ്ങൾ കൂടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഭക്ഷ്യ വിഷബാധ വളരെ ഗൗരവത്തോടുകൂടി കണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. നിശ്ചിത ഇടവേളകളിൽ പ്രത്യേക പരിശോധനാ സംഘങ്ങൾ രൂപീകരിച്ച് വിവിധ മേഖലകൾ കേന്ദ്രീകരിച്ച് രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | കോഴിക്കോട് ഒരു കുടുംബത്തിലെ നാല് പേർക്ക് ഭക്ഷ്യ വിഷബാധയേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോഴിക്കോട് ജില്ലയിൽ താമസിയ്ക്കുന്ന കുടുംബം 29/05/2024 ന് വയനാട് ജില്ലയിൽ പ്രവർത്തിയ്ക്കുന്ന ബാംബൂ ഹോട്ടൽ, വൈത്തിരി എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷണം കഴിച്ചതിനെ തുടർന്ന് പനി, ഛർദ്ദി, വയറിളക്കം എന്നിവയുണ്ടായി ആശുപത്രിയിലായി എന്ന വിവരം 30/05/2024 ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31/05/2024 ന് രാവിലെ കൽപ്പറ്റ ഭക്ഷ്യ സുരക്ഷാ ഓഫീസർ കൽപ്പറ്റ പരിധിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനം പരിശോധിച്ചു. ടി സ്ഥാപനം ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം Schedule-IV വയലേഷനിലാണ് പ്രവർത്തിയ്ക്കുന്നത് എന്ന് ബോധ്യപ്പെട്ടതിനാൽ കോമ്പൗണ്ടിംഗ് നോട്ടീസ് നൽകി ന്യൂനതകൾ പരിഹരിയ്ക്കുന്നതു വരെ സ്ഥാപനം അടച്ചിടുവാൻ നിർദ്ദേശം നൽകി. ടി സ്ഥാപനം ഉടമ ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് കാണിച്ച് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 13/06/2024 ന് കൽപ്പറ്റ ഭക്ഷ്യ സുരക്ഷാ ഓഫീസർ സ്ഥാപനം പുനഃപരിശോധിയ്ക്കുകയും 14/06/2024 ന് ജില്ലാ ഡെസിഗ്നേറ്റഡ് ഓഫീസർ ഹിയറിംഗ് നടത്തി 10000/- രൂപ പിഴ ചുമത്തി തുടർന്ന് പ്രവർത്തിയ്ക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യ പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകി പിഴ ചുമത്തുന്നുണ്ട്. പരിശോധനകളുടെ ഭാഗമായി സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി പരിശോധനാ ഫലം ലഭിയ്ക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും, Substandard/Misbranded ആയി പരിശോധനാ ഫലം ലഭിയ്ക്കുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്ത് വരുന്നു.<br><br>2006 ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവ യിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. നാളിതുവരെ 1292 ട്രെയിനിംഗുകളി ലായി ആകെ 43470 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ